(8) എക്സൽ ഗ്ളാസ് ഫാക്ടറി ഇറന്പ്പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത

ഡോ. ടി. എം. തോമസ് ഐസക് : സർ, ആലപ്പുഴ ജില്ലയിലെ എക്സൽ ഗ്ളാസ് ഫാക്ടറി പൂട്ടികിടക്കുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് വിശദമായിട്ടറിയാവുന്നതാണ്. അതിന്റെ ഉടമസ്ഥന് ഈ ഫാക്ടറി നടത്തണമെന്നുള്ളതല്ല, സർക്കാരിനെ എങ്ങനെ കബളിപ്പിക്കാമെന്നുള്ളതാണ് ലക്ഷ്യം. ദൗർഭാഗ്യവശാൽ അദ്ദേഹം തന്നെയാണ് ഇപ്പോൾ കണ്ടെറ അലിന്റ്-ന്റെ നടത്തിപ്പുകാരനായി വരുന്നത്. ഇക്കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ആ ഫാക്ടറി തുറപ്പിക്കാൻ അദ്ദേഹത്തിന്റെ മേൽ എങ്ങനെയൊരു സമ്മർദ്ദം ചെലുത്താമെന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും നടപടിയെടുക്കണമെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞകാര്യം ശരിയാണ്. ഫാക്ടറി ഉടമസ്ഥൻ എടുക്കുന്ന നിലപാട് അത്ര അഭികാമ്യമല്ല. സർക്കാരിൽ നിന്ന് ആനുകൂല്യങ്ങളൊക്കെ വാങ്ങിയശേഷം എ.എഫ്.ആർ-ലും ബി.എഫ്.ആർ.-ലും കേസുകൊണ്ടുപോയി കാര്യങ്ങൾ നീട്ടിക്കൊണ്ടുപോവുന്നതായാണ് തോന്നുന്നത്. ഇതിനെതിരെ ശക്തമായി നീങ്ങേണ്ടി വരും. എക്സൽ ഗ്ളാസിന്റെ കാര്യത്തിലും അതാണ് ചെയ്തിരിക്കുന്നത്. കണ്ടെറയുടെ കാര്യത്തിൽ കേസിനു പോവുകയാണ്. അക്കാര്യങ്ങൾ ഗവൺമെന്റ് വളരെ ഗൗരവപൂർവ്വം കണക്കിലെടുത്ത് നിലപാട് സ്വീകരിക്കും.

(9) എൻ.ടി.പി.സി.- ടെൽക്കിന്റെ തൃപ്തികരമല്ലാത്ത പ്രവർത്തനം

ശ്രീ. ജോസ് തെറ്റയിൽ: സർ, അങ്കമാലി NTPC-Telk-ന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഇന്ത്യയിലെ നവരത്ന കമ്പനികളിലൊന്നായ NTPC-ഏറ്റെടുത്തത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. കഴിഞ്ഞ നാല് വർഷംകൊണ്ട് 147 കോടി രൂപ ലാഭമുണ്ടാക്കിയ സ്ഥാപനത്തിന്റെ ലാഭം കുറഞ്ഞിരിക്കുന്നുവെന്ന് മാത്രമല്ല നഷ്ടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. പുതുതായി ഓർഡർ എടുക്കാനോ കിട്ടിയ ഓർഡർ സമയത്തിനുള്ളിൽ തീർത്തു കൊടുക്കാനോ ഉള്ള ശ്രമം മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല

LIBRARY ARCHIVES Kerala Legislative Assembly